മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഉദ്യോഗമണ്ഡലിലെ ഫാക്ടറിയിൽ നിന്നും വരുന്ന ജലം കാരണം പെരിയാർ നദിയിലെ ആ ഏരിയായിലെ വെള്ളം കുറച്ച് മലിനീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് കുളിക്കാനുംപ്പെടെ ആ വെള്ളം ഉപയോഗിക്കാൻ നിവൃത്തിയില്ല എന്നത് ശരിയാണ്. പക്ഷേ, ഭാഗ്യവശാൽ ഈ ഫാക്ടറി ഇരിക്കുന്ന സ്ഥലത്തിന്റെ മുകൾഭാഗത്തായിട്ടാണ് ശുദ്ധജല വിതരണത്തിനുള്ള സംവിധാനമുള്ളത്. അതുകൊണ്ട് എറണാകുളം നഗരത്തിലും മറ്റു പ്രദേശങ്ങളിലും അവിടെ നിന്ന് വെള്ളം ശുദ്ധിചെയ്ത് പമ്പ് ചെയ്ത് എത്തിക്കാനുള്ള ബുദ്ധിമുട്ട് ഇപ്പോഴില്ല., അതേയവസരത്തിൽ ട്രാവൻകൂർ റയോൺസ് ഫാക്ടറിയിൽനിന്നും വരുന്ന വെള്ളം മലിനീകൃതമാണ്. എന്നാൽ ഇപ്പോൾ ആ ഫാക്ടറി പൂട്ടിക്കിടക്കുന്നതുകൊണ്ട് തൽക്കാലം ബുദ്ധിമുട്ടില്ല. എങ്കിലും ജല മലിനീകരണ നിയന്ത്രണ ബോർഡ് ചില കാര്യങ്ങളെ സംബന്ധിച്ച് അവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉദ്യോഗമണ്ഡലത്തിലുള്ള ഫാക്ടറികളിൽ അതിനുള്ള പ്രാഥമികമായ ജോലികൾ ആരംഭിച്ചു കഴിഞ്ഞു. അവരോട് ആ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ട്രാവൻകൂർ റയോൺസിന്റെ കാര്യത്തിൽ വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള തായ എക്വിപ്മെൻറ്സുകൾ വാങ്ങിച്ച് അതിനുള്ള നടപടികൾ സ്വീകരിച്ച് അത് നിയന്ത്രണത്തിൽ കൊണ്ടുവരാമെന്ന് സമ്മതിച്ചിരിക്കുകയാണ്. ആ ഫാക്ടറി തുറക്കുന്നതിനുമുമ്പ് അതിനുള്ള സംവിധാനം പൂർത്തിയാകും. ശുദ്ധജല വിതരണത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അത് പ്രതികൂല മായി ബാധിച്ചിട്ടില്ല.

(20) മല്ലപ്പള്ളിയിൽ ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ റവ. എസ്. ജോൺ : സർ, മല്ലപള്ളി താലൂക്കിൽ ഇലക്ട്രിസിറ്റി വോൾട്ടേജ് പ്രശ്നം അതിരൂക്ഷമായിരിക്കുകയാണ്. എല്ലാ പ്രദേശങ്ങളിലും മിനുമിനുങ്ങ് വെട്ടം മാത്രമാണുള്ളത്. വോൾട്ടേജ് ഇംപ്രൂവ്മെൻറിനു വേണ്ട നടപടികൾ സ്വീകരിക്കണം. ഇതിന് സ്ഥായിയായ പരിഹാരമാർഗ്ഗമെന്ന് പറയുന്നത് ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ മല്ലപ്പള്ളിയിൽ ഉണ്ടാക്കുകയെന്നുള്ളതാണ്. അതിനുവേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇതിന്റെ ഗുരുതരാവസ്ഥ ബഹുമാനപ്പെട്ട മെമ്പർ ഇതിനുമുമ്പും എന്നോട് പറഞ്ഞിട്ടുള്ളതാണ്. ഇരവിപേരൂർ-മല്ലപ്പള്ളി 11 കെ. വി. ലൈൻ വലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ മല്ലപ്പള്ളിയിൽ ഒരു 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടത് ആവശ്യമാണെന്ന് ഗവൺമെൻറിന് തീർച്ചയായിട്ടും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ എടുക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്.

(21) വണ്ടിപ്പെരിയാറിലെ 66 കെ. വി. സബ്സ്റ്റേഷൻ പണി പുനരാരംഭിക്കൽ

ശ്രീ. കെ. കെ. തോമസ് : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വണ്ടിപ്പെരിയാർ, കുമിളി പ്രദേശങ്ങളിൽ വലിയ വൈദ്യുതി ക്ഷാമവും വോൾട്ടേജ് കുറവും അനുഭവപ്പെടുന്നു. നാല് വർഷത്തിനുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

വണ്ടിപ്പെരിയാറിൽ ഒരു 66 കെ. വി. സബ്സ്റ്റേഷന്റെ പണി ആരംഭിച്ചു. നിർഭാഗ്യവശാൽ ആ പണി, ഇപ്പോഴും നിറുത്തി വച്ചിരിക്കുകയാണ്. ആ പ്രദേശത്ത് വ്യാവസായിക കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് വൈദ്യുതിയുടെ ആവശ്യം വളരെയേറെ വർദ്ധിച്ചിരിക്കുന്നു. മൂഴിയാറിൽ നിന്നുള്ള 320 കെ. വി. ലൈൻ ഈ പ്രദേശത്തുകൂടി കടന്ന് പോകുന്നു. അവിടെ നിറുത്തി വച്ചിരിക്കുന്ന 66 കെ. വി. സബ്സ്റ്റേഷന്റെ പണി അടിയന്തിരമായി ആരംഭിച്ച് ആ പ്രദേശത്തെ വൈദ്യുതി ക്ഷാമവും അതുമൂലമുള്ള വോൾട്ടേജ് കുറവും പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 4 വർഷം മുമ്പ് 19 ലക്ഷം രൂപ മുതൽമുടക്കുള്ള ഒരു 66 കെ. വി. സബ്സ്റ്റേഷൻ വണ്ടിപ്പെരിയാറിൽ നിർമ്മിക്കുന്നതിന് അനുമതി കൊടുത്തിരുന്നു. പക്ഷെ സബ്സ്റ്റേഷനു വേണ്ട സ്ഥലം പൊന്നും വിലക്ക് എടുത്ത് പണി ആരംഭിച്ചപ്പോഴേ അവിടത്തെ പ്രത്യേക രീതിയിലുള്ള വെള്ളക്കെട്ടും ചെളിയും കാരണം സബ്സ്റ്റേഷന്റെ ലേ ഔട്ടിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്ന് കാണുകയുണ്ടായി. ഇതുമൂലം പണി നിറുത്തി വയ്ക്കേണ്ടി വന്നു. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള പുതിയ പ്ലാനും മറ്റു ഡിസൈനുകളും തയ്യാറാക്കി വരികയാണ്. ആ പണി താമസിയാതെ തുടങ്ങുന്നതായിരിക്കും. വണ്ടിപ്പെരിയാറിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം ഈ 66 കെ. വി. സബ്സ്റ്റേഷൻ നിലവിൽ വരുന്നതോടുകൂടി മാറുന്നതാണ്.

(22) ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം താലൂക്കുകളിലെ നെൽകൃഷിക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ

ശ്രീ. എം. കെ. കേശവൻ : സർ, കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശമായ ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം താലൂക്കുകളിലെ നെൽക്കൃഷിക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ കഴിഞ്ഞ സീസണിൽ ഓരുബണ്ട് ഇടേണ്ട സമയത്ത് കൃഷി ഡിപ്പാർട്ടുമെന്റ് ബണ്ട് ഇടാതിരുന്നതുകൊണ്ട് അവിടെ വിളഞ്ഞ നെല്ല് കൊയ്തെടുക്കാൻ കഴിഞ്ഞിട്ടില്ല. മറെറാരു കാര്യം കോട്ടയം ജില്ലക്കുവേണ്ടി ഒരു പുഞ്ച സ്പെഷ്യൽ ഓഫീസ് അനുവദിച്ചിട്ടുണ്ടെങ്കിലും ഈ പ്രാവശ്യവും അതിന്റെ പ്രവർത്തനം ആലപ്പുഴയിൽ നടക്കുന്നതുകൊണ്ട് എല്ലാ കാര്യങ്ങൾക്കും ആലപ്പുഴയിൽ പോകേണ്ട ഗതികേട് കൃഷിക്കാർക്ക് ഉണ്ടായിരിക്കുന്നു. അതുകൊണ്ട് അവർ കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. മറെറാരു കാര്യം ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. കെ. എൽ. ഡി. സി. ബണ്ട് നിർമ്മിച്ചതിന്റെ ഫലമായി കൃഷിക്കാരിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന പണം ഈടാക്കുന്നതിനുവേണ്ടി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു വരുന്നതിനെക്കുറിച്ചാണ്. കഴിഞ്ഞ കൃഷി മഴ വന്ന് നശിച്ച അവസരത്തിൽപോലും ഈ നടപടികൾ സ്വീകരിച്ചിരുന്നതുകൊണ്ട് കൃഷിക്കാർക്ക് വളരെ ബുദ്ധിമുട്ടുണ്ടായി. കൃഷിക്കാരുടെ മേലുള്ള ഈ നടപടി നിറുത്തിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, കോട്ടയം ജില്ലയുടെ ചില പ്രദേശങ്ങളിലുള്ള പില പാടശേഖരങ്ങളിൽ വെള്ളം കയറിയതുമൂലം കൃഷിക്ക് ദോഷം സംഭവിച്ചതായി പ്രാഥമിക അന്വേഷണത്തിൽ നിന്ന് മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓരുബണ്ടുകൾ യഥാസമയം ഉണ്ടാക്കാതിരുന്നതുകൊണ്ടാണോ ഇങ്ങനെ സംഭവിച്ചത് എന്ന് അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly